പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 950

25-01-2018 ലെ
മറുപടി

## നാദാപുരം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | നാദാപുരം മണ്ഡലത്തിലെ നിലവിലുള്ള ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പുതിയ പദ്ധതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ മുൻപ് പൂർത്തിയാക്കിയ ജലസേചന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1. ചെക്യാട് പഞ്ചായത്തിലെ മുണ്ടത്തോടിന് കുറുകെ ഉപ്പുവെള്ള പ്രതിരോധ തടയണ<br>2. മരുതോങ്കര പഞ്ചായത്തിലെ നെട്ടവാൽ പുഴയ്ക്ക് കുറുകെ വെട്ടിക്കൽ കടവിൽ ചെക്ക് ഡാം<br>3. മരുതോങ്കര പഞ്ചായത്തിലെ കുഴിക്കാട് താഴെ തോടിന് കുറുകെ ചെക്ക് ഡാം<br>4. കാവിലുംപാറ പഞ്ചായത്തിലെ ചാപ്പൻതോട്ടം തോടിനു കുറുകെ ചെക്ക് ഡാം<br>5. കുന്നുമ്മൽ പഞ്ചായത്തിലെ അമ്പലക്കുളങ്ങര തോടിനു കുറുകെ വി.സി.ബി<br>6. വളയം പഞ്ചായത്തിലെ അരുവിക്കര തോടിനു കുറുകെ വി.സി.ബി<br>നാദാപുരം മണ്ഡലത്തിൽ മാഹിപ്പുഴയ്ക്ക് കുറുകെ കൊയാമ്പ്രം കടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുയോജ്യമായ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | ജലസേചന പദ്ധതി വിഭാഗം 1-ന് കീഴിലുള്ളതും നാദാപുരം മണ്ഡലത്തിൽ ഉൾപ്പെട്ടതുമായ ജലസേചന പദ്ധതിയാണ് കുറ്റ്യാടി ജലസേചന പദ്ധതി. ടി പദ്ധതി പൂർത്തീകരിച്ചതാണ്. |
| (ബി) | ഈ സർക്കാർ വന്നതിന് ശേഷം നാദാപുരം മണ്ഡലത്തിൽ ഏതെല്ലാം ജലസേചന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ വന്നതിന് ശേഷം നാദാപുരം മണ്ഡലത്തിൽ ജലസേചന പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. |
| (സി) | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; | (സി) | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി 2018 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നിലവിലുള്ള പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഡി) | കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പൈപ്പ് ലൈൻ ചാർജിങ് പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ചാർജ്ജിങ് സമയത്ത് പൈപ്പ് ലൈനിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിന് റോഡ് മുറിക്കുന്നതിന് PWD അനുവാദം കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്. എങ്കിലും 2018 മാർച്ച് മാസത്തിൽ തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ